**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 851** **09-10-2024 - ൽ മറുപടിയ്ക്ക്**

**ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി ഉപപദ്ധതിയ്ക്ക് കീഴിൽ മാനവവിഭവശേഷി വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം തുടങ്ങിയവയ്ക്ക് പ്രത്യേക ഊന്നൽ നൽകികൊണ്ട് നടപ്പിലാക്കുന്ന ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന മാനവ വിഭവശേഷി വികസന അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം പോലുള്ള പദ്ധതികളിലുള്ള നിർണായക വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള ശീർഷകമാണ് പട്ടികജാതി വികസനത്തിനായുള്ള കോർപ്പസ് ഫണ്ട് . പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പദ്ധതി തുകയുടെ മൂന്നിലൊന്ന് ജില്ലകൾക്ക് അനുവദിച്ച് നൽകുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കുള്ള ഭരണാനുമതികൾ നൽകാവുന്നതാണ്. ചുവടെ ചേർക്കുന്ന പദ്ധതികളാണ് ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നത്.<br><br>1. കുടിവെള്ള വിതരണം :- പട്ടികജാതി വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും, ജനറൽ വിഭാഗക്കാർക്ക് ഒന്നോ രണ്ടോ പൊതു ടാപ്പ് നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃ ലിസ്റ്റ് , സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.<br>2. ഗതാഗത സൗകര്യ വികസനം:- ഉന്നതിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവയ്ക്ക് മാത്രം.<br>3. വൈദ്യുതി വിതരണം :- പട്ടികജാതി ഉന്നതികൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, ഉന്നതിക്കുള്ളിലെ വഴിവിളക്കുകൾ എന്നിവയ്ക്ക് മാത്രം.<br>4. പട്ടികജാതി ഉന്നതികളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം/ സംസ്കാരം/ കായികം തുടങ്ങിയവ) ഉതകുന്ന പ്രോജക്ടുകൾ.<br>5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്റ്റ് പൂർത്തിയാക്കുകയും എന്നാൽ ഏതെങ്കിലും |

| | | | |
|---|---|---|---|
| | | | കാരണത്താൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്റ്റ് കമ്മീഷൻ ചെയ്യുന്നതിന്.<br>6. വിജ്ഞാൻ വാടികളുടെ ആവർത്തന ചെലവുകൾ. |
| (ബി) | പ്രസ്തുത പദ്ധതികൾക്കുള്ള കോർപ്പസ് ഫണ്ടായി എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) | **2021-22 സാമ്പത്തിക വർഷം മുതൽ 2024-25 വരെ കോർപ്പസ് ഫണ്ട് പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളതും**<br><br>**ചെലവഴിച്ചിട്ടുള്ളതുമായ തുക ചുവടെ ചേർക്കുന്നു:** |

| വർഷം | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2021-22 | 6,000 | 1971.01 |
| 2022-23 | 4,500 | 1705.95 |
| 2023-24 | 4,500 | 2016.93 |
| 2024-25 സെപ്റ്റംബർ വരെ | 4,500 | 619.29 |

സെക്ഷൻ ഓഫീസർ